പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 240** | **09.06.2014-ൽ മറുപടിക്ക്.**

## അങ്കമാലിയിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. രമേശ് ചെന്നിത്തല<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) അങ്കമാലി, കാലടി, നെടുമ്പാശ്ശേരി സർക്കിൾ സ്റ്റേഷനുകളുടെ കീഴിൽ ഐ.പി.സി 279, 337, 338, 304 (എ) തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങളും ട്രാഫിക് കുറ്റകൃത്യങ്ങളും ഗതാഗതകുരുക്കും കണക്കിലെടുത്ത് എം.സി. റോഡും ദേശീയപാതയും സംഗമിക്കുന്ന അങ്കമാലിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ; | : | (എ) ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ? | : | (ബി) ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**